# "ഭരണഭാഷ മാതൃഭാഷ"

## കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് -മഹാരാജാസ് കോളേജിലെ പരീക്ഷാ നടത്തിപ്പിനെക്കുറിച്ചുള്ള പരിശോധന - കമ്മിറ്റിയെ നിയോഗിക്കുന്നതിന് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

| | |
|---|---|
| ഉത്തരവ് നമ്പർ:B2/45032/2022/DCEതിരുവനന്തപുരം | തീയതി:05.03.2023 |

*പരാമർശം:*-വിദ്യാർത്ഥികളിൽ നിന്നുള്ള പരാതി

**ഉത്തരവ്**

സർക്കാർ കോളേജിലെ ഏക സ്വയംഭരണ കോളേജ് ആയ എറണാകുളം മഹാരാജാസ് കോളേജിലെ വിവിധ പരീക്ഷകളുടെ മൂല്യനിർണയത്തിൽ വ്യാപകമായ ക്രമക്കേടുകൾ സംഭവിച്ചിട്ടുള്ളതായും അപ്രകാരം വീഴ്ച വരുത്തിയ അദ്ധ്യാപകർക്കെതിരെ വിദ്യാർത്ഥികൾ പരാതി നൽകുന്ന സാഹചര്യവും ഉണ്ടായിട്ടുണ്ട്. കൂടാതെ, മൂല്യനിർണയത്തിലെ Internal & External മാർക്ക് വിതരണത്തിൽ വീഴ്ച വരുത്തിയിട്ടുള്ള അദ്ധ്യാപകർക്കെതിരെ നടപടി സ്വീകരിക്കേണ്ട സാഹചര്യവും സംജാതമായിരിക്കുന്നു. ഈ സാഹചര്യത്തിൽ എറണാകുളം മഹാരാജാസ് കോളേജിലെ വിവിധ പരീക്ഷകൾ കൂടുതൽ ഗുണപ്രദമായും യാഥാർത്ഥ്യ ബോധത്തോടെയും നടപ്പിലാക്കുന്നതിനും ആയതിന്റെ നടത്തിപ്പ് സംബന്ധിച്ച് പരിശോധിക്കുന്നതിനും താഴെ പറയും പ്രകാരമുള്ള പ്രവർത്തനത്തിനായി ഒരു കമ്മിറ്റിയെ നിയോഗിക്കുന്നതിന് നിർദ്ദേശം നൽകി ഉത്തരവാകുന്നു.

**കമ്മിറ്റിയുടെ ഘടന**

കോളേജിലെ ഏറ്റവും സീനിയർ ആയ അദ്ധ്യാപകനെ കോ -ഓർഡിനേറ്റർ ആയും എല്ലാ ഡിപ്പാർട്ട്മെന്റിലെയും HOD മാർ, പി .ടി .എ സെക്രട്ടറി, IQAC കോ -ഓർഡിനേറ്റർ, വിമൻസ് സെൽ കൺവീനർ, ഡിസിപ്ലിൻ കമ്മിറ്റി കോ -ഓർഡിനേറ്റർ മുതലായവർ അംഗങ്ങളായി കമ്മിറ്റി രൂപീകരിക്കേണ്ടതാണ് .

പ്രിൻസിപ്പാൾ, ഗവേണിംഗ് ബോഡി ചെയർമാൻ, പരീക്ഷാ കൺട്രോളർ എന്നിവർ പ്രസ്തുത കമ്മിറ്റിയുടെ Ex -officio മെമ്പർ ആയിരിക്കും.

ടി കമ്മിറ്റി ഉടനടി പ്രാബല്യത്തിൽ വരേണ്ടതും, തുടർന്ന് ഓരോ അക്കാദമിക് വർഷത്തിന്റെ ആരംഭത്തിലും പ്രസ്തുത കമ്മിറ്റി റീ-കോൺസ്റ്റിറ്റ്യൂട്ട് ചെയ്യേണ്ടതും ആണ്. ഒരു അദ്ധ്യാപകന് തൊട്ടടുത്ത വർഷവും കമ്മിറ്റിയിൽ തുടരാവുന്നതാണ്. എന്നാൽ പ്രസ്തുത കമ്മിറ്റിയിൽ ഒരു അദ്ധ്യാപകൻ തുടർച്ചയായി മൂന്ന് വർഷത്തിൽ കൂടുതൽ അംഗമായിരിക്കാൻ പാടില്ല.

പ്രസ്തുത പരിശോധന കമ്മിറ്റിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഹാജർ, മിനിട്സ് എന്നിവ രേഖപ്പെടുത്തുന്നതിന് പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ് .

**കമ്മിറ്റിയുടെ ചുമതലകളും കർത്തവ്യങ്ങളും**

- ഓരോ സെമസ്റ്റർ പരീക്ഷകൾക്കും മുൻപായി പ്രസ്തുത കമ്മിറ്റി യോഗം ചേരേണ്ടതും, പരീക്ഷയുടെ ക്രമീകരണങ്ങൾ ഡ്യൂട്ടിയ്ക്ക് നിയോഗിച്ചിരിക്കുന്ന ഇൻവിജിലേറ്റർമാരുടെ ലിസ്റ്റ് എന്നിവ പരിശോധിച്ച് വിലയിരുത്തേണ്ടതാണ്. പരിശോധനയിൽ കണ്ടെത്തുന്ന പോരായ്മകൾ അപ്പോൾ തന്നെ പരീക്ഷാ സൂപ്രണ്ടിനെ / പരീക്ഷാ കമ്മീഷണറെ അറിയിച്ച് പരിഹരിക്കേണ്ടതാണ് .

- ഓരോ വിഷയത്തിന്റെയും ഇന്റേണൽ പരീക്ഷകളുടെ മാർക്ക് സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിന് മുൻപായി ബന്ധപ്പെട്ട വിഷയങ്ങളുടെ HOD / ബന്ധപ്പെട്ട അദ്ധ്യാപകരിൽ നിന്ന് മാർക്ക് ലിസ്റ്റ് വാങ്ങി പരിശോധിക്കാവുന്നതും, പ്രത്യക്ഷത്തിൽ ഏതെങ്കിലും പൊരുത്തക്കേട് ശ്രദ്ധയിൽപ്പെടുന്ന പക്ഷം ബന്ധപ്പെട്ട HOD / അദ്ധ്യാപകനെ അറിയിച്ച്, പുനഃ പരിശോധനയ്ക്ക് നിർദ്ദേശിക്കാവുന്നതുമാണ്. ബന്ധപ്പെട്ട HOD / അദ്ധ്യാപകൻ പ്രസ്തുത വസ്തുത ബോധ്യപ്പെടുന്ന പക്ഷം പുനഃ പരിശോധന നടത്തേണ്ടതുമാണ് .

- കോളേജ് നടത്തുന്ന External പരീക്ഷകളുടെ മൂല്യനിർണയത്തിന് ശേഷം റിസൾട്ട് പ്രഖ്യാപിക്കുന്നതിന് മുൻപായി വിദ്യാർത്ഥികളുടെ മാർക്ക് ലിസ്റ്റിന്റെ പകർപ്പ് വാങ്ങി പരിശോധിക്കാവുന്നതും, Internal മാർക്കുമായി ക്രോസ്സ് ചെക്ക് ചെയ്ത് പ്രഥമ ദൃഷ്ട്യാ പൊരുത്തക്കേട് തോന്നുന്ന പക്ഷം, ആയത് ബന്ധപ്പെട്ട HOD /അദ്ധ്യാപകനെ ബോധ്യപ്പെടുത്തേണ്ടതുമാണ്. ബന്ധപ്പെട്ട HOD / അദ്ധ്യാപകൻ പ്രസ്തുത വസ്തുത ബോധ്യപ്പെടുന്ന പക്ഷം പുനഃ പരിശോധന നടത്തേണ്ടതുമാണ് .

- ഇത്തരം നിർദ്ദേശങ്ങൾ പക്ഷാപാതപരമോ , നിർബന്ധ ബുദ്ധിയോടെയോ ആവശ്യപ്പെടാൻ പാടില്ലാത്തതാണ്. പരീക്ഷാ നടത്തിപ്പ് പരിശോധിക്കുന്നതിനായി രൂപീകരിച്ച കമ്മിറ്റി യാതൊരു കാരണവശാലും ഉത്തരക്കടലാസ് ആവശ്യപ്പെടാനോ പുന:മൂല്യനിർണയത്തിന് നിർബന്ധിക്കാനോ പാടില്ലാത്തതാകുന്നു.

- വിദ്യാർത്ഥികളുടെ Internal, External പരീക്ഷകളുടെ മാർക്ക് വിതരണത്തിൽ പരാതി ഉള്ളതായി വിദ്യാർത്ഥികൾ അപേക്ഷ നൽകുന്ന പക്ഷം ആയത് സ്വീകരിച്ച് നിജസ്ഥിതി പരിശോധിച്ച് പ്രസ്തുത കമ്മിറ്റി യോഗം ചേർന്ന് ഉചിതമായ തീരുമാനം എടുക്കാവുന്നതും തുടർ നടപടിക്കായി ബന്ധപ്പെട്ട HOD / അദ്ധ്യാപകനെ ചുമതലപ്പെടുത്താവുന്നതുമാണ് .

- പ്രസ്തുത കമ്മിറ്റിയുടെ തീരുമാനം / നിർദ്ദേശം ബന്ധപ്പെട്ട HOD / അദ്ധ്യാപകൻ പാലിക്കാതിരിക്കുന്ന സാഹചര്യത്തിൽ പ്രിൻസിപ്പാൾ തന്റെ അധികാരം ഉപയോഗിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ് .

- പ്രിൻസിപ്പാൾ തലത്തിലും ഇത്തരം വിഷയങ്ങൾ പരിഹരിക്കപ്പെടുന്നില്ല എങ്കിൽ പ്രിൻസിപ്പാളിന്റെ അനുമതിയോടെ കമ്മിറ്റിയ്ക്ക് ബന്ധപ്പെട്ട യൂണിവേഴ്സിറ്റികളെ സമീപിക്കാവുന്നതാണ്. അതോടൊപ്പം വിവരം കോളേജ് വിദ്യാഭ്യാസ ഡയറക്ടറെയും അറിയിക്കാവുന്നതാണ്.

ഉന്നത വിദ്യാഭ്യാസ മേഖലയുടെ സമഗ്ര പുരോഗതി ലക്ഷ്യംവെച്ച് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ് കോളജുകൾ. കലാലയങ്ങളിലെ വിദ്യാർത്ഥികളുടെ അറിവ് വളർത്തുന്നതിനും, കഴിവുകളെ പ്രോത്സാഹിപ്പിക്കുന്നതിനും ഇത്തരത്തിലുള്ള പരിശോധനകൾ ആവശ്യമാണ്.

ഭാവിയുടെ വാഗ്ദാനങ്ങളായ യുവ തലമുറയെ ഉന്നത വിദ്യാഭ്യാസ രംഗത്ത്, അവരുടെ അറിവിന്റെ

മേഖലയിൽ കൈപിടിച്ചുയർത്തി പ്രോത്സാഹിപ്പിക്കുന്നതിന് നൽകുന്ന ഇത്തരം നിർദ്ദേശങ്ങളും, പരിശോധനകളും പാലിക്കുന്നതിനും പാലിക്കപ്പെടുന്നതിനും അധ്യാപകരുടെ പൂർണ്ണ സഹകരണം ഉണ്ടാകണമെന്ന് കൂടി നിർദ്ദേശിക്കുന്നു.

# Approval Valid

Digitally Approved By
വിഗ്നേശ്വരി വി ഐ.എ.എസ്സ്
Date: 05.03.2023
Reason: Approved

Sd/-
വിഗ്നേശ്വരി വി ഐ.എ.എസ്സ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ
0471-2303548
dir.colledn@kerala.gov.in

സ്വീകർത്താവ്,

പ്രിൻസിപ്പൽ
മഹാരാജാസ് കോളേജ് , എറണാകുളം .

പകർപ്പ്,

1.പരീക്ഷാ കൺട്രോളർ,മഹാരാജാസ് കോളേജ് ,എറണാകുളം
2 . ഗവേർണിംഗ് ബോഡി ചെയർമാൻ
.മഹാരാജാസ് കോളേജ് , എറണാകുളം .
3 .സൂപ്രണ്ട്, എ സെക്ഷൻ ,
ഡിസിഇ ഓഫീസ്.
4 .സൂപ്രണ്ട്,
ഓഡിറ്റ് സെക്ഷൻ,
ഡിസിഇ ഓഫിസ്.
5 .സിസ്റ്റം മാനേജർ,
(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് )